**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് വേണ്ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിലനിർത്തികൊണ്ട് കെട്ടിടം നിർമ്മിക്കാൻ എംപ്ലോയ്മെന്റ് വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1793/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 19.08.2019.

പരാമർശം :- 1) തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07/11/2017 - ലെ 14-ാം നമ്പർ, 06/03/2019 - ലെ 1(3)-ാം നമ്പർ തീരുമാനങ്ങൾ.

2) തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/11/2017 -ലെ എ 4- 6769/17 നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 02.07.2018, 05.4.2019 തീയതികളിലെ സി2-799/18 നമ്പർ കത്തുകൾ.

4) തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/06/2019-ലെ എ 4-3519/2019 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽ സർവ്വെ നം.270/14 ൽപ്പെട്ട 0.0334 ഹെക്ടർ സ്ഥലത്ത് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി കൊണ്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുണ്ടായി.

2) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം ബി.ടി.ആർ പ്രകാരം പുറമ്പോക്ക് കുളമാണെന്നും വില്ലേജിലെ പുറമ്പോക്ക് രജിസ്റ്ററിൽ ടി സ്ഥലം പഞ്ചായത്ത് വകയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്. സർവ്വെ നം.270/14 - ൽ 14 സെന്റ് സ്ഥലം പഞ്ചായത്തിനുള്ളതിൽ പഞ്ചായത്ത് വക ഒരു കെട്ടിടം, മൂന്ന് കടമുറി, ഹോമിയോ ആശുപത്രി എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം ഒഴിച്ചുള്ള ബാക്കി 0.0334 ഹെക്ടർ സ്ഥലത്താണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. ടി ഭൂമി എംപ്ലോയ്മെന്റ് കരിയർ ഗൈഡൻസ് സെന്റർ നിർമ്മാണത്തിന് നിയമപരമായി അനുയോജ്യമാണ് എന്ന് പരാമർശം (4) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചി ട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽ സർവ്വെ നം.270/14 ൽപ്പെട്ട 0.0334 ഹെക്ടർ സ്ഥലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കാതെ സ്വന്തം പണം മുടക്കി നാഷണൽ എംപ്ലോയ്മെന്റ് കരിയർ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മദീന ബീഗം. എ**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എംപ്ലോയ്മെന്റ് വകുപ്പ് / റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ